മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

പുസ്തകം

# യാത്രകൾ വഴി നേടിയതെന്ത്?

## പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

വളരെ സന്തോഷകരമായ ഒരു ഓർമ എന്റെ മനസ്സിൽ വരുന്നത് ആദ്യം ഞാൻ നിങ്ങളുമായി പങ്കിടട്ടെ. 1973-ൽ നിങ്ങളെപ്പോലെ ഒരു വിദ്യാർത്ഥിയായിട്ടു പഴയ സെമിനാരിയുടെ പടികൾ കടന്നു വന്നതാണ്. പിന്നിടുള്ള കാലഘട്ടങ്ങളിൽ സെമിനാരിയിൽ കടന്നുപോയ പഠനത്തിന്റെയും അധ്യാപനത്തിന്റെയും ദിവസങ്ങൾ എല്ലാം എന്റെ ഓർമ്മയിലേക്കു ഓടിവരുകയാണ്. വളരെയധികം സന്തോഷത്തോടും ആനന്ദത്തോടും കൂടെയാണ് ഞാനിന്നിവിടെ നിൽക്കുന്നത്.


പുതുതായി വാഴിക്കപ്പെട്ട തിരുമേനിമാർ എല്ലാവരും തന്നെ സഭയുടെ പ്രവർത്തനങ്ങളിൽ ശുഷ്കാന്തിയോടെ പ്രവർത്തിക്കുവാൻ തക്കവണ്ണം ശേഷിയുള്ളവർ ആണ്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട അഭിഷിക്തരായ ഇവർക്കു നിങ്ങളോടൊപ്പം വീണ്ടും ആശംസകളും പ്രാർത്ഥനയും ഞാനും നേരുകയാണ്.

ഈ സമയത്തു നിങ്ങളോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നതായ കാര്യം- അതായതു ബലഹീനനായ ഞാൻ ഈ സ്ഥാനത്തു വന്നതിനു ശേഷം വളരെയേറെ യാത്രകളും സന്ദർശനങ്ങളും പല സ്ഥലങ്ങളിലും നടത്തി - ക്ഷണിക്കപ്പെട്ടും ക്ഷണിക്കപ്പെടാതെയും നമ്മളുടെ ഭദ്രാസന കേന്ദ്രങ്ങളിൽ ഒക്കെ പോയി. അതോടൊപ്പം ഞാൻ പ്രത്യേകം ശ്രദ്ധിച്ചത്, നമ്മുടേതല്ലാത്ത മറ്റു ക്രിസ്ത്യൻ സഭകളുടെ കേന്ദ്രങ്ങളും സന്ദർശിക്കുക എന്നതായിരുന്നു. അങ്ങനെ പോയതുകൊണ്ടു നമ്മിൽ നിന്നുമൊക്കെ വ്യത്യസ്തമായ അനുഭവങ്ങൾ ഉണ്ടായി. കാപ്പിയും ഉച്ചഭക്ഷണവും ഒക്കെ കിട്ടി. അങ്ങനെ കൂറേയേറെ യാത്രകൾ ചെയ്തു. അതിൽ നിന്നും എനിക്ക് കിട്ടിയ ചില കാഴ്ചപ്പാടുകൾ നിങ്ങളുമായി പങ്കുവെയ്ക്കുക എന്നതാണിന്നു ഞാനാഗ്രഹിക്കുന്നത്.

റോമൻ കത്തോലിക്ക സഭയുടെ കേന്ദ്രങ്ങൾ സന്ദർശിച്ചു. മാർത്തോമാ സഭയുടെ കേന്ദ്രങ്ങൾ സന്ദർശിച്ചു. അതുപോലെ സി. എസ്. ഐ. സഭയുടെ കേന്ദ്രങ്ങൾ സന്ദർശിച്ചു. ശിവഗിരി മഠവും അവരുടെ പ്രവർത്തനങ്ങളും അറിയണ്ടതിനുവേണ്ടിയും സന്ദർശിച്ചു. മന്നം സമാധി കേന്ദ്രത്തിൽ പോയി അവരുമായി സംവദിച്ചു. ചാവറ അച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്തുപോയി, അവിടുത്തെ അച്ചന്മാരുമായി സംസാരിച്ചു, ഇങ്ങനെ കുറേയേറെ സ്ഥലങ്ങളിൽ പോയി. മുസ്ലിം സമുദായത്തിന്റെ ഇപ്പോഴത്തെ നേതാവായിരിക്കുന്ന ആദരണീയനായ സാദിഖ് അലി തങ്ങളുമായും കൂട്ടാളികളുമായിട്ടും സംസാരിക്കുകയുണ്ടായി. അതിൽ നിന്നെല്ലാം വന്നതായ ഒരു ഉൾകാഴ്ച എന്താണെന്നു പറഞ്ഞാൽ, അവരൊക്കെ അവരുടെ സമുദായത്തിൽ ആയിരിക്കുന്ന ആളുകളെ, ആ മതത്തിന്റെ ചട്ടക്കൂട്ടിൽ നിർത്തുവാനും, മതത്തിന്റെ മുന്നോട്ടുള്ളതായ പ്രവർത്തനങ്ങൾ മൂലം എങ്ങനെ ഇന്നത്തെ സമൂഹത്തെ വളർത്തികൊണ്ട് വരണമെന്നും, വളരെ ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുന്ന ആളുകളായിട്ടാണവരെ ഞാൻ കണ്ടത്. അതിൽ നിന്നും പല പാഠങ്ങൾ ഉൾക്കൊള്ളുവാൻ സാധിച്ചു.

സഭാധ്യക്ഷൻമാരും മതമേലധ്യക്ഷൻമാരും അവിടെ പ്രവർത്തിക്കുന്ന എല്ലാവരും അവരുടെ സമുദായത്തെ സംബന്ധിച്ചു എത്രമാത്രം ദീർഘവീക്ഷണം ഉള്ളവരായി പ്രവർത്തിക്കുന്നു എന്നുള്ളതു എന്നെ അതിശയിപ്പിച്ച കാര്യങ്ങൾ ആണ്.

ഒരിക്കൽ ഒരു ബിഷപ്പിന്റെ രൂപതയിൽ ചെന്നപ്പോൾ ആ ബിഷപ്പിന്റെ രൂപതയിൽ 760 വൈദികരാണ് പ്രവർത്തിക്കുന്നത്. മലങ്കരസഭയ്ക്കു മുഴുവനായി അതിൽ കുറച്ചു കൂടെ കാണുമായിരിക്കും. ഞാൻ അവിടെ ചെന്നപ്പോൾ, നിങ്ങൾക്കൊക്കെ അറിയാം തലശ്ശേരി അതിരൂപതയിൽ ആണ്, ബിഷപ്പ് ജോസഫ് പ്ലാപിനാലി ആണ് അവിടുത്തെ മെത്രാൻ. ഞാൻ അവിടെ ചെന്നപ്പോൾ അറുപതോളം വരുന്ന വൈദികർ അവിടെ രൂപതാസ്ഥാനത്തു താമസമുണ്ട്. അതിനടുത്തു നമ്മുടെ ഒരു ദേവാലയ കുദാശ കഴിഞ്ഞു- തലശ്ശേരിയിൽ നമ്മൾക്ക് ഒരു കൊച്ചു പള്ളിയുണ്ട്, മുപ്പതോ നാൽപതോളം, അൻപതിൽ താഴെ അംഗങ്ങൾ മാത്രം ഉള്ള പള്ളിയാണ്.



**ഒരു ദിവസത്തെ വരുമാനം തരണമെന്ന് എല്ലാ കാതോലിക്കാമാരും പറയുന്നതുപോലെ ഞാനും എഴുതിയതാണ്. ... ദൈവത്തിന്റെ കൃപ കൊണ്ട് ഒരു ദിവസത്തെ കൃത്യ വരുമാനം കൊടുക്കുന്ന ഒരു മനുഷ്യരെയും ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഒരു ദിവസത്തെ കൃത്യ വരുമാനം മലങ്കരസഭയിലെ മക്കളെല്ലാം തന്നെ കൊടുത്താൽ ഉറപ്പായിട്ടും അൻപതു കോടി രൂപ കിട്ടും.**

അവിടുത്തെ അച്ചൻ എന്നോട് പറഞ്ഞു, തിരുമേനി തിരിച്ചു പോകുമ്പൾ നമ്മുടെ കൊച്ചു പള്ളിയിൽ ഒന്ന് കയറണമെന്ന്. അതിനു സമീപമാണ് തലശ്ശേരി രൂപതയുടെ ആസ്ഥാനം. പിതാവിനെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഞാൻ മനസിലാക്കിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ അച്ചൻ അവിടെ പോകാനുള്ള ക്രമികരണങ്ങൾ ചെയ്തു. അവിടെ ചെന്നപ്പോൾ അവിടെ പത്തൻപതു അച്ചന്മാരുണ്ട്. ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ- അദ്ദേഹവും ഞാനും മാത്രം ഒരു വലിയ മേശയിലും മറ്റുള്ള അച്ചന്മാർ മറ്റു മേശകളിലും ഇരിക്കുകയാണ്. ഞാൻ ചോദിച്ചു; ഇവർ എല്ലാം എവിടെ ഇപ്പോൾ വരാൻ കാരണം എന്താണ്? അദ്ദേഹം പറഞ്ഞത് അവർ ഇവിടെ വന്നതല്ല, അവർ ഇവിടെയുള്ളവരാണെന്നാണ്. അപ്പോൾ ഞാൻ ചോദിച്ചു, അവർ എന്തു ചെയ്യുകയാണിവിടെ. നമ്മുടെ അരമനകളിൽ ആരെങ്കിലും വന്നാൽ അവർ വേഗത്തിൽ ഇറങ്ങി പോകും. ഇവർ ഇവിടെ താമസിച്ചിട്ടു എന്ത് ചെയുകയാണ്? ഞാൻ എന്റെ സംശയം കൊണ്ട് ചോദിച്ചതാണ്. അവർ പറഞ്ഞത് 60 അച്ചന്മാർ മാത്രം ആണ് ഇവിടെയുള്ളത് ബാക്കി എഴുന്നൂറോളം

വൈദീകർ ഇടവക പട്ടക്കാർ ആണ്. ഇവരുടെ ജോലിയെന്ന് പറയുന്നത്- ഇടവകകളിലുള്ള യുവജനങ്ങളുടെയും സ്ത്രീകളുടെയും കുടുംബങ്ങളിലുമുള്ളതായ കാര്യങ്ങളിലാണവർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. അപ്പോൾ അവർക്കു മൂന്നോ നാലോ ചുമതലകളാണ് കൊടുത്തിരിക്കുന്നത്. അങ്ങനെ ക്ഷേമ പ്രവർത്തനങ്ങളാണ് അവരോരുത്തരുടെയും ജോലി. യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന യൂത്ത് മിനിസ്ട്രി, കൂറേ അച്ഛൻമാർ കന്യസ്ത്രീകളോട് കൂടി സ്ത്രീകളോടെ ഇടയിൽ അവരുടെ ഉന്നമനത്തിനു വേണ്ടിയും സ്ത്രീ ശാക്തീകരണത്തിനു വേണ്ടിയും പ്രവർത്തിക്കുന്ന ചുമതല ഉള്ളവരാണ്, കുറെ അച്ചന്മാർ കുടുംബവുമായി ബന്ധപ്പെട്ടു ഓരോ ഇടവകയിലും യാത്ര ചെയ്തു അവിടുള്ള കുടുംബങ്ങളെ സന്ദർശിച്ചു, അവിടെയുള്ള പ്രായമാവരെയും മുതിർന്നവരെയും കുടുംബജീവിതത്തിൽ പ്രായോഗികമാക്കേണ്ട കാര്യങ്ങൾ പാലിക്കുന്നോണ്ടോ ഇല്ലയോ എന്നുള്ളതു അന്വേഷിക്കുകയാണ് അവരുടെ ഉത്തരവാദിത്വം. കത്തോലിക്ക സഭയുടെ പ്രവർത്തന രീതികൾ ഉൾക്കൊണ്ട് നടക്കുന്നവരാണ്.

ഒരു കൂട്ടം വൈദികർ കൗൺസിലേർസ് ആയി പ്രവർത്തിക്കുന്നവർ ഉണ്ട്. അവർ ഇടവകയിലെ കുടുംബങ്ങളിൽ പോയി കുടുംബത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ, ഭാര്യയും ഭർത്താവും തമ്മിലോ അല്ലെങ്കിൽ കുടുംബക്കാർ തമ്മിലോ ഉണ്ടെങ്കിൽ അതൊക്കെ പറഞ്ഞു പരിഹരിച്ചു അവർക്കൊക്കെ കൗൺസിലിംഗ് കൊടുക്കുന്നു. പിന്നെയും പല പല ജോലികൾ ഉണ്ട്. ഇടവകകളിൽ ഉള്ള ആളുകൾ എല്ലാം ഇതിൽ സംതൃപ്തരാണ്. ഇതാണ് അവരുടെ പ്രവർത്തനരീതി. രൂപത വൈദികർക്ക് ശമ്പളവും അവരുടെ യാത്ര ചിലവും എല്ലാം കൊടുക്കുന്നു. അല്ലാതെ ഇടവകക്കാർ അല്ല. ഇടവകയിലെ ശുശ്രൂഷയാണെങ്കിലും ഒരു വൈദികന് കിട്ടേണ്ടതായ ശമ്പളം അതെപടി ഇവർക്കുമുണ്ട്.

അതുപോലെ തന്നെ മാർത്തോമ്മാ സഭയുമായി ബന്ധപ്പെട്ടു പറയുമ്പോൾ; അവരുടെ കേന്ദ്രത്തിലും ഞാൻ പോയി. അവിടെയും ഇതുപോലെയുള്ളതായ പ്രവർത്തനശൈലി ഉണ്ട്. ഇന്നിപ്പോൾ ബഹുമാനപെട്ട പ്രിൻസിപ്പൽ റെജി മാത്യു അച്ചൻ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന കാര്യവും കൂടുതൽ നല്കാത്തതിന്റെ കാര്യവും പറഞ്ഞപ്പോൾ, നമ്മുടെ പല ഭദ്രാസനങ്ങളിലും ഇപ്പോൾ വൈദികർ കൂടുതലാണെന്ന് സൂചിപ്പിച്ചു. ഒരു ഭദ്രാസനത്തിൽ എനിക്ക് അറിയാവുന്ന 12 വൈദികർ പള്ളിയില്ലാതെയുണ്ട്. അതുകൊണ്ട് ശെമ്മാശന്മാർ പെട്ടെന്ന് പള്ളി കിട്ടും എന്ന് വിചാരിക്കേണ്ട. മലങ്കര സഭയിൽ ഇങ്ങനെ ധൂപക്കുറ്റി വീശിക്കൊണ്ട് കുറെനാൾ കൂടി ജീവിക്കേണ്ടിവരും. നമ്മുടെ വൈദീകരുടെ ഇടവകേതര ശുശ്രൂഷ നാം ചിന്തിക്കേണ്ടതാണ്.

കല്യാണവും മാമോദീസയും കുർബാനയും മാത്രം ചൊല്ലി ജീവിക്കാതെ നമ്മുടെ നഷ്ടപ്പെട്ടു പോകുന്ന കുട്ടികളെക്കുറിച്ച് നമുക്ക് യാതൊരു കരുതലുമില്ല. കേരളത്തിന് വെളിയിൽ പോയില്ലെങ്കിൽ കേരളത്തിൽ ഇന്ന് ഏത് പള്ളിയിൽ ചെന്നാൽ കൊച്ചുകുട്ടികളെ കാണാൻ സാധിക്കും. ദേവാലയത്തിനുള്ളിൽ മുമ്പിലുള്ള ഒരു വരി കഴിഞ്ഞാൽ 40, 50 വയസ്സിനു മുകളിലുള്ള ആളുകളെ മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഒരു ഇരുപതിനും നാൽപതിനും ഇടയിൽ പ്രായമുള്ള ആരെയും പള്ളിയിൽ കാണുവാനില്ല. വളരെ ചുരുക്കം ആയിട്ടേയുള്ളൂ. വളരെ വലിയ സമൂഹം ഉണ്ട്, പക്ഷേ അവർ പള്ളിയിൽ വരികയില്ല, എന്തുകൊണ്ടാണിത്? അമേരിക്കയിലോ ഇംഗ്ലണ്ടിലോ ഉള്ള കാര്യമല്ല ഞാൻ പറയുന്നത്, കേരളത്തിലുള്ള കാര്യമാണ്. ഇവരുടെ പ്രശ്നം എന്താണ്? അവർ എന്തുകൊണ്ട് പള്ളിയിൽ വരുന്നില്ല? നമ്മുടെ പല കുടുംബങ്ങളിലും ശുശ്രൂഷ നടത്തിയിട്ട് കാര്യമില്ല. കുടുംബപ്രശ്നം എന്തെന്ന് നേരത്തെ അറിഞ്ഞിട്ട് അവിടെ പോയി കൗൺസിലിംഗ് നടത്തണമെങ്കിൽ, അല്ലെങ്കിൽ അവരുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം കണ്ടെത്തണമെങ്കിൽ – ഇത് വെറുതെ ഞാൻ പറയുന്നതല്ല – ഒരു കുടുംബത്തിൽ സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടായിരിക്കാം – ഒരു വൈദികൻ അവിടെ പോയി പഞ്ചായത്തുമായി ബന്ധപ്പെട്ടോ ബാങ്കുകളും ആയി ബന്ധപ്പെട്ടോ അവർക്ക് സാമ്പത്തികമായി നേരിടുന്ന പ്രശ്നങ്ങൾ തീർപ്പാക്കി കൊടുക്കുക. അല്ലെങ്കിൽ സ്വാശ്രയ തൊഴിൽ മേഖല വഴി അവർക്ക് സാമ്പത്തികം ഉയർത്തുവാനുള്ള ഒരു വഴി കണ്ടെത്തി കൊടുക്കുകയോ ചെയ്യണം. അതല്ലാതെ കുറച്ചു ഉപദേശം പറഞ്ഞിട്ട് പോരുകയല്ല ചെയ്യേണ്ടത്. എന്റെ മനസ്സിൽ തോന്നിയത് ഇങ്ങനെയുള്ള ശുശ്രൂഷകളിലേക്ക് നമ്മുടെ സഭ വളരണം. സഭയുടെ പ്രവർത്തനങ്ങൾ നമുക്ക് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കണം. അങ്ങനെ എത്ര അച്ചന്മാർ മുന്നോട്ടുവന്നാലും അവരെ ഉൾക്കൊള്ളാനുള്ള ഒരു സംവിധാനം നമ്മുടെ സെമിനാരികൾക്ക് ഉണ്ടാകണം. ആരെയും പറഞ്ഞു വിടേണ്ട. ഇടവകേതര ശുശ്രൂഷയിലേക്ക് അവരെ നിയമിക്കുവാനും സാധിക്കണം. 500 അംഗങ്ങൾ ഉള്ള ഒരു പള്ളിയിലേക്ക് രണ്ട് വൈദികരെ- സഭയുടെ നിയമമനുസരിച്ച് 300 അംഗങ്ങൾ ഉണ്ടെങ്കിൽ രണ്ടു വൈദികരെ നിയമിക്കണം. ഒരു ഇടവകയിലേക്ക് ഒന്നിൽ കൂടുതൽ വൈദികരെ ആരും ആഗ്രഹിക്കുന്നില്ല, അതിനു നമ്മുടെ വൈദികരുടെ ഗുണവും ഉണ്ട്. അത് കൂടാതെതന്നെ ഇടവകകൾക്ക് സാമ്പത്തികമായി തന്നെ കുറച്ചു ബുദ്ധിമുട്ടുകൾ ഉണ്ട്, അത് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അപ്പോൾ അങ്ങനെയുള്ളതായ സമയത്ത് നമുക്ക് അതല്ലാതെ തന്നെ നമ്മുടെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കണം. തീമോത്തിയോസ് തിരുമേനി തന്നെ ജോർജിയയിൽ പോയിട്ട് ഏതാണ്ട് ഇരുപതോളം ഓർത്തഡോക്സ് കുട്ടികളെ കണ്ടെത്തി അവർക്ക് കുർബാന ചൊല്ലിക്കൊടുക്കുന്നുണ്ട്. ദുബായിലുള്ള അച്ചന്മാരും പോകുന്നുണ്ട്. അതും വല്ലപ്പോഴുമാണ്. പക്ഷേ അവർക്കൊക്കെ സ്വയം കാശ് എടുത്തു കൊണ്ടുപോയി അവിടെ കുർബ്ബാന ചൊല്ലുവാനും അവിടെ രണ്ടു ദിവസം താമസിക്കുവാനും അവിടെ പഠിക്കുന്ന കുട്ടികളെ കാണുന്നതിനും അവരുടെ മാതാപിതാക്കളെ കാണുന്നതിനും പരിമിതിയുണ്ട്. എന്നാൽ അതൊക്കെ നമ്മൾ സഭയായിട്ടാണ് ചെയ്യേണ്ടത്. എം.ജി.ഒ.സി.എസ്.എം-നും പ്രവർത്തന പരിമിതികൾ ഉണ്ട്.



സഭയുടെ കേന്ദ്രത്തിൽ നിന്ന് നമുക്ക് അത് ചെയ്യുവാൻ സാധിക്കണം. അതിന് കഴിഞ്ഞ 10 വർഷമായി ശ്രമിച്ചിട്ട്, 10 കോടി പോയിട്ട് അഞ്ചു കോടി പോലും കാതോലിക്കാ ദിനപ്പിരിവ് വർദ്ധിച്ചിട്ടില്ല. ദിവസം ഒരു ലക്ഷം രൂപ വരുമാനമുള്ള ആളുകൾ പോലും 100 രൂപയാണ് കവറുകളിൽ ഇട്ടു കൊടുക്കുന്നത്. ഒരു ദിവസത്തെ വരുമാനം തരണമെന്ന് എല്ലാ കാതോലിക്കാമാരും പറയുന്നതുപോലെ ഞാനും എഴുതിയതാണ്. എന്നാൽ മേടിക്കുവാൻ ഞാൻ നേരിട്ട് ചെല്ലുമ്പോഴാണ് അറിയുന്നത് അവിടെ വന്നിരിക്കുന്ന മാന്യന്മാർ എല്ലാം – ഒരു ലക്ഷം രൂപയിൽ മുകളിൽ വരുമാനമുള്ള മാന്യന്മാരും ഉണ്ട് – ആരും ദൈവത്തിന്റെ കൃപ കൊണ്ട് ഒരു ദിവസത്തെ കൃത്യ വരുമാനം കൊടുക്കുന്ന ഒരു മനുഷ്യരെയും ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഒരു ദിവസത്തെ കൃത്യ വരുമാനം മലങ്കരസഭയിലെ മക്കളെല്ലാം തന്നെ കൊടുത്താൽ ഉറപ്പായിട്ടും അൻപതു കോടി രൂപ കിട്ടും. നമ്മുടെ കെ. എം സക്കറിയാച്ചൻ ഇവിടെ ഇരിപ്പുണ്ട്, നമ്മുടെ ദശാംശത്തിന്റെ ആളാണ്. അച്ചൻ പ്രവർത്തിച്ച എല്ലാ പള്ളികളിലും ദശാംശം വരുത്തിയാണ് പ്രവർത്തിച്ചിട്ടുള്ളത്. എല്ലാ മനുഷ്യരും, നമ്മുടെ എല്ലാ വരുമാനമുള്ള മെമ്പേഴ്സും ദശാംശം സഭാ കേന്ദ്രത്തിൽ കൊടുക്കുവാൻ ശ്രമിച്ചാൽ മലങ്കര സഭയ്ക്ക് ഒരു വർഷം 1000 കോടി രൂപ ഉറപ്പാണ്. ഞാനിത് വെറുതെ പറയുന്നതല്ല എല്ലാവരും ദശാംശം കൊടുത്താൽ മതി. അവരുടെ 365 ദിവസത്തെ വരുമാനത്തിന്റെ ദശാംശം മലങ്കര സഭയ്ക്ക് കൊടുക്കുവാൻ ശ്രമിച്ചാൽ മലങ്കര സഭയ്ക്ക് ഇതുപോലെയുള്ള മിഷൻസ് നടത്തുന്നതിന് ഒരു ദാരിദ്ര്യവും ഇല്ല. പക്ഷേ നമ്മൾ അതിനു ശ്രമിക്കണം, അതിനുള്ള പദ്ധതികൾ ഉണ്ടാക്കണം. അതുകൊണ്ട് ഞാനിപ്പോൾ സെമിനാരി അധ്യാപകർ കൂടെ ഇരിക്കുന്നത് കൊണ്ട് ഒരു ചെറിയ പരീക്ഷ നിങ്ങൾക്ക് ഇടുകയാണ്. 'ഇടവക ഇതര ശുശ്രൂഷസാധ്യതകളും പ്രസക്തിയും' – ഒരു ഉപന്യാസമത്സരം നിങ്ങൾക്ക് ഇടുകയാണ്. നല്ലതായി എഴുതുന്ന ഒരാൾക്ക് എത്ര രൂപ സമ്മാനമായി കൊടുക്കണമെന്ന് സെമിനാരി അധ്യാപകർ പറയുന്നത്രയും തന്നെ ഞാൻ കൊടുക്കുന്നതാണ്. രണ്ടാം സമ്മാനം എത്ര കൊടുക്കണം എന്ന് പറഞ്ഞു കഴിഞ്ഞാൽ ഞാൻ കൊടുക്കുന്നതായിരിക്കും. മൂന്നാം സമ്മാനം എത്ര കൊടുക്കണം എന്ന് പറഞ്ഞു കഴിഞ്ഞാൽ അത്രയും തന്നെ കൊടുക്കും. അത് എത്ര സമയത്തിനുള്ളിൽ വേണം എന്ന് നിങ്ങളുടെ കഴിവ് അനുസരിച്ച് അധ്യാപകർ പറയും. കരിങ്ങാട്ടിലച്ചൻ നന്നായിട്ട് തലയാട്ടുന്നുണ്ട് അച്ചൻ നടത്തിക്കോളാം എന്നാണ് പറയുന്നത്. ഇടവക ഇതര വൈദീകശുശ്രൂഷയുടെ സാധ്യതകളും പ്രസക്തിയും എന്ന നല്ല ലേഖനം എഴുതി അധ്യാപകർ തീരുമാനിക്കുന്ന മാസത്തിനുള്ളിൽ കൊടുക്കുക, ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ആളുകൾക്ക് നല്ല സമ്മാനം കൊടുക്കുന്നതായിരിക്കും. അത്രയ്ക്ക് നമുക്ക് സഭയെ വളർത്തുവാനും സഭയെ കാണുവാനും സഭകൾക്ക് വേണ്ടി ശുശ്രൂഷകൾ നടത്തുവാനും അങ്ങനെ സഭയോടുചേർന്ന് പ്രവർത്തിക്കുവാനും നമ്മൾക്ക് ഓരോരുത്തർക്കും കഴിയണം സഭയുടെ വളർച്ചയെക്കുറിച്ച് ബോധ്യമുണ്ടാകണം. സഭ നാളെ എന്തായിരിക്കണം എന്ന് ഇന്ന് ചിന്തിക്കണം. നൂറു വർഷം കഴിഞ്ഞ് നമ്മുടെ മലങ്കരസഭ എങ്ങനെ ആയിരിക്കണം എന്ന് നമ്മൾ ഇന്ന് തീരുമാനിക്കണം. നമ്മുടെ സഭയുടെ വളർച്ച കണ്ടു പ്രവർത്തിക്കുവാൻ നമ്മൾ സജ്ജരായി കഴിഞ്ഞാൽ ഈ മലങ്കര സഭയുടെ ഭാവി നിങ്ങളുടെ കൈയിലാണ്.

(കോട്ടയം പഴയസെമിനാരിയിൽ നടത്തിയ പ്രഭാഷണം)

❑



ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് രചിച്ച ഗുരുമുഖത്തു നിന്നും എന്ന ഗ്രന്ഥം ഗീവർഗീസ് മാർ കൂറിലോസിനു നൽകി പ. കാതോലിക്കാ ബാവാ പ്രകാശനം ചെയ്യുന്നു.




ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് രചിച്ച Philosophy and the Quest for Meaning (Glimpses of Philosophical and Cultural Inquiry - Classical and Contemporary, Western and Eastern) എന്ന ഗ്രന്ഥം എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ സാബു തോമസ് പ്രകാശനം ചെയ്യുന്നു.



## ഓർമ്മപ്പെരുന്നാൾ ആചരിച്ചു

അബു റോഡ്: 'സഭാ ജ്യോതിസ്സ്' പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായുടെ 206–ാം ഓർമ്മപ്പെരുന്നാൾ രാജസ്ഥാനിലെ ജ്യോതിസ് ആശ്രമത്തിൽ ആചരിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മുഖ്യ കാർമ്മികനും അഹമ്മദാബാദ് മെത്രാസന ഇടയൻ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് തിരുമേനി സഹകാർമ്മികനുമായിരുന്നു. ആശ്രമം മാനേജർ ഫീലിപ്പോസ് റമ്പാൻ, അഹമ്മദാബാദ് ഭദ്രാസന സെക്രട്ടറി ഫാ. ജോർജ്ജ് വർഗ്ഗീസ്, അബു റോഡ് സെൻറ് തോമസ് ഇടവക സഹ വികാരി ഫാ. ഗീവർഗീസ് തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ധൂപപ്രാർത്ഥന, ആശീർവാദം, കൈമുത്ത്, നേർച്ച വിളമ്പ് എന്നിവയും ഉണ്ടായിരുന്നു.



ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കോഴിക്കോട് രൂപതാധ്യക്ഷൻ ഗീവർഗീസ് ചക്കാലക്കലിനെ സന്ദർശിച്ചു.